"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് — സമാശ്വാസ തൊഴിൽദാന പദ്ധതി — പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ നിര്യാതനായ പ്രദീപ് ആർ-ന്റെ മകൾ കുമാരി ടീനു പ്രദീപ് - ന് പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ആശ്രിത നിയമനം നൽകുന്നത് — അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(കെ) വകുപ്പ്**

സ.ഉ.(കൈ) നം.246/2024/HOME തീയതി,തിരുവനന്തപുരം, 18-11-2024

---

പരാമർശം:-

1. 24.05.1999 ലെ സ.ഉ.(പി) നം.12/99/ഉ.പ.ഭ.വ
2. കുമാരി ടീനു പ്രദീപ് - ന്റെ 27/04/2023 തീയതി രേഖപ്പെടുത്തിയ ആശ്രിത നിയമന അപേക്ഷ.
3. 14.07.2023-ലെ സ.ഉ(പി)നം.12./2023/പി & എ.ആർ.ഡി
4. 09/11/2023 ലെ സ.ഉ.(കൈ)നം.21/2023/പി & എ.ആർ.ഡി
5. സംസ്ഥാന പോലീസ് മേധാവിയുടെ 20/11/2023-ലെ എം.4(എ)-183705/2023/പി.എച്ച്.ക്യൂ നമ്പർ കത്ത്.
6. ആലപ്പുഴ ജില്ലാ കളക്ടറുടെ 02/10/2024-ലെ ഡി.സി.എ.എൽ.പി 12755/2023/എ7 നമ്പർ കത്ത്

**ഉത്തരവ്**

പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 24/01/2023-ൽ നിര്യാതനായ പ്രദീപ് ആർ-ന്റെ മകൾ ആലപ്പുഴ, ചേർത്തല, എസ് എൽ പുരം, അറയ്ക്കൽ വീട്ടിൽ കുമാരി ടീനു പ്രദീപ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, ആലപ്പുഴ ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം 5, 6 കത്തുകൾ പ്രകാരം യഥാക്രമം സംസ്ഥാന പോലീസ് മേധാവിയും ആലപ്പുഴ ജില്ലാ കളക്ടറും ശിപാർശ ചെയ്തിട്ടുണ്ട്.

2. പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിലും ഇത് സംബന്ധിച്ച തുടർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷക പരേതന്റെ അവകാശിയാണെന്ന് ചേർത്തല തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതന്റെ കുടുംബ വാർഷിക വരുമാനം 7,89,018/- രൂപയാണെന്ന് മാരാരിക്കുളം വടക്ക് വില്ലേജ് ഓഫീസർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. പരേതന്റെ നിയമപരമായ എല്ലാ അവകാശികളും അപേക്ഷകയ്ക്ക് അനുകൂലമായി അവകാശമൊഴിഞ്ഞു കൊടുത്തിട്ടുള്ളതും, ആശ്രിത നിയമനം നൽകുന്നതിൽ എതിർപ്പില്ല എന്ന് സമ്മതപത്രം നൽകിയിട്ടുള്ളതുമാണ്. അപേക്ഷക സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടുണ്ട്. 19/06/2004-ൽ ജനിച്ച കുമാരി ടീനു പ്രദീപ് ഹയർ സെക്കന്ററി എക്സാമിനേഷൻ പാസ്സായിട്ടുണ്ട്. പരാമർശം 1 പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിക്കകം അപേക്ഷക ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുകയും, ടിയാൾ പോലീസ് കോൺസ്റ്റബിൾ തസ്തികയ്ക്ക് ആവശ്യമായ കായിക-ആരോഗ്യ-ശാരീരിക ക്ഷമത കൈവരിച്ചിട്ടുള്ളതായും

പ്രസ്തുത തസ്തികയിൽ നിയമിക്കുന്നതിന് യോഗ്യയാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ നിര്യാതനായ പ്രദീപ് ആർ-ന്റെ മകൾ കുമാരി ടീന പ്രദീപ് - ന്(വാലിഡ് അപേക്ഷ തീയതി 28/04/2023) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ വനിതാ ബറ്റാലിയനിൽ നിലവിലുള്ളതോ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കുമാരി ടീന പ്രദീപ്-ന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ശാരീരിക ആരോഗ്യക്ഷമത എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെയും രേഖകളുടെയും വിശ്വാസ്യത ഉറപ്പുവരുത്തി പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ സംസ്ഥാന പോലീസ് മേധാവി നിയമന ഉത്തരവ് നൽകേണ്ടതാണ്. പരാമർശം 3 ഉത്തരവിലെ ഖണ്ഡിക (X) പ്രകാരമുള്ള സമ്മതപത്രം അപേക്ഷകയിൽ നിന്ന് ലഭ്യമാക്കി നിയമനാധികാരി സൂക്ഷിക്കേണ്ടതും ആവശ്യമായി വരുന്ന പക്ഷം, തദനുസൃതമായുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പരാമർശം 4 ഉത്തരവ് പ്രകാരമുള്ള ആശ്രിത-സംരക്ഷണ സമ്മതമൊഴി കൂടി നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതും, നിയമനം ക്രമപ്പെടുത്തുന്നതിന് മുമ്പായി ടിയാളുടെ സ്വഭാവവും മുൻനടപ്പും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

5. കുമാരി ടീന പ്രദീപ്-ന്റെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ നിര്യാതനായ ജീവനക്കാരന്റെ സേവനപുസ്തകത്തിലും അദ്ദേഹം അവസാനം സേവനമനുഷ്ഠിച്ച ഓഫീസിലെ ജീവനക്കാര്യ പതിവേടിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷയിലോ നിയമനത്തോടനുബന്ധിച്ച വകുപ്പുതല അന്വേഷണ സമയത്തോ അപേക്ഷക തെറ്റായി വിവരം ധരിപ്പിക്കുകയോ എന്തെങ്കിലും വിവരങ്ങൾ മറച്ചുവയ്ക്കുകയോ ചെയ്തു എന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

കുമാരി ടീന പ്രദീപ്, അറയ്ക്കൽ വീട്, എസ്.എൽ പുരം പി ഒ, ചേർത്തല, ആലപ്പുഴ - 688523
(രജിസ്റ്റേർഡ് തപാൽ മുഖേന)
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ.
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 18-11-2024 12:22:30

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.